**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1129** **12-06-2024 - ൽ മറുപടിയ്ക്ക്**

**ജലജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര മാനദണ്ഡങ്ങൾ പ്രകാരം ജലജീവൻ മിഷൻ പൂർത്തിയാക്കേണ്ട കാലപരിധി എന്നാണെന്നുള്ള വിവരം പദ്ധതിയുടെ നിലവിലെ പുരോഗതി വിലയിരുത്തിക്കൊണ്ട് വ്യക്തമാക്കാമോ; | (എ) | ജലജീവൻ മിഷൻ പദ്ധതി 2019-20 സാമ്പത്തിക വർഷത്തിലാണ് ദേശീയതലത്തിൽ ആരംഭിച്ചത്. കേന്ദ്ര സർക്കാർ മാനദണ്ഡമനുസരിച്ച് അഞ്ചുവർഷമാണ് പൂർത്തീകരണ കാലാവധി. പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷത്തേക്ക് കേന്ദ്രവിഹിതമായി 1949.36 കോടി രൂപ നിശ്ചയിച്ചിട്ടുള്ളതായി കേന്ദ്ര സർക്കാരിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് ജലജീവൻ മിഷൻ പദ്ധതി 36.03% പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിനായുള്ള ഫണ്ടിന്റെ ലഭ്യതയിൽ തടസ്സം നേരിടുന്നുണ്ടോ; നിലവിൽ ഇതിനായി ചെലവിട്ട ഫണ്ടിന്റെ വിശദാംശം, കേന്ദ്ര/ സംസ്ഥാന വിഹിതങ്ങൾ സഹിതം അറിയിക്കാമോ; | (ബി) | ജലജീവൻ മിഷൻ പദ്ധതി നിർവ്വഹണത്തിൽ ഫണ്ടിന്റെ ലഭ്യതക്കുറവ് നേരിടുന്നുണ്ട്. ജലജീവൻ മിഷൻ പദ്ധതിക്കായി ഇതുവരെ ആകെ 9410.83 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 4661.92 കോടി രൂപ കേന്ദ്ര വിഹിതവും 4748.91 കോടി രൂപ സംസ്ഥാന വിഹിതവുമാണ്.<br><br>2024-25 സാമ്പത്തിക വർഷത്തേക്ക് ജലജീവൻ മിഷൻ പദ്ധതിയുടെ കേന്ദ്ര വിഹിതമായി സംസ്ഥാനത്തിന് 1949.36 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ആദ്യ ഗഡുവായി 292.4 കോടി രൂപ ലഭിച്ചിട്ടുണ്ട്. കേന്ദ്രവിഹിതമായി ലഭിച്ച തുകക്ക് ആനുപാതികമായി സംസ്ഥാനവിഹിതമായി 285.58 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നിർവഹിക്കുന്ന കരാറുകാർക്ക് വൻതുക കുടിശികയായിട്ടുണ്ടോ; എങ്കിൽ, ഇത് എത്രയാണെന്നും കുടിശിക ലഭിക്കാത്തതിനാൽ പ്രവൃത്തികൾ നിർത്തിവച്ച അവസ്ഥയുണ്ടായിട്ടുണ്ടോയെന്നും വിശദമാക്കുമോ? | (സി) | നിലവിൽ ജലജീവൻ മിഷൻ പ്രവർത്തികൾ പൂർത്തിയാക്കിയ വകയിൽ കരാറുകാർക്ക് 21/05/2024 വരെ 3281.28 കോടി രൂപ നല്കുവാനുണ്ട്. കുടിശിക തുക കാരണം ജലജീവൻ മിഷൻ പ്രവർത്തികൾ പൂർണമായും തടസ്സപ്പെട്ടിട്ടില്ല. എന്നാൽ ഇത് പദ്ധതി നിർവഹണ പുരോഗതിയെ സാരമായി ബാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ